പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

06-03-2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1254

# പൊന്നാനി- തൃശ്ശൂർ കോൾ വികസന സമിതി

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | പൊന്നാനി- തൃശ്ശൂർ കോൾ വികസന സമിതിയിൽ നിന്ന് പടിയൂർ, പൂമംഗലം പഞ്ചായത്തുകളിൽ ഫണ്ട് അനുവദിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളത് ; ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പ് വർഷം പൊന്നാനി- തൃശ്ശൂർ കോൾ വികസന സമിതിയിൽ നിന്നും പടിയൂർ പഞ്ചായത്തിൽപ്പെടുന്ന കാട്ടൂർ തെക്കമ്പാടം ഇടതിരിഞ്ഞി കോൾ സഹകരണ സംഘത്തിനു രണ്ട് പവർ ടില്ലർ ലഭിച്ചിട്ടുണ്ട്. മാത്രമല്ല, രണ്ട് പഞ്ചായത്തുകളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളും കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. പടിയൂർ പഞ്ചായത്തിൽ 75 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം നടപ്പാക്കി. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ 75 ഹെക്ടറിനു കൂലിച്ചെലവ് ഇനത്തിൽ ഹെക്ടർ ഒന്നിന് 10000/-രൂപ എന്ന നിരക്കിൽ നൽകിയിട്ടുണ്ട്. പൂമംഗലം പഞ്ചായത്തിൽ 158 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം നടപ്പാക്കി. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ 158 ഹെക്ടറിനു കൂലിച്ചെലവ് ഇനത്തിൽ ഹെക്ടർ ഒന്നിന് 13000/- രൂപ എന്ന നിരക്കിൽ നൽകിയിട്ടുണ്ട്. 10 ഹെക്ടർ തരിശു നില കൃഷിക്കുള്ള ആനുകൂല്യവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഗ്രാമപഞ്ചായത്ത് വേൾഡ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ 98 ലക്ഷം രൂപ ചെലവിൽ 5 വെർട്ടിക്കൽ ആക്സിയൽ പമ്പും സ്ഥാപിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുരിയാട് കോൾ റിസർച്ച് സെന്റർ പദ്ധതികളുടെ പ്രവർത്തനം ഏത് ഘട്ടത്തിൽ എന്ന് വിശദമാക്കാമോ? | (ബി) | മുരിയാട് കോൾ റിസർച്ച് സെന്റർ പദ്ധതികളുടെ പ്രവർത്തനം അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ മണ്ണുത്തിയാണ് നിർവ്വഹിക്കുന്നത്. മുരിയാട് കോൾ നിലം പദ്ധതി ആരംഭിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിനോട് അനുബന്ധിച്ച് മുരിയാട് പഞ്ചായത്ത് വക കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ഒരു സ്കില്ഡ് അസിസ്റ്റന്റിനെ അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിയമിക്കുകയുണ്ടായി. ആരംഭ പ്രവർത്തനങ്ങളിൽ കോൾ നിലങ്ങൾക്കു വേണ്ടിയുള്ള ജൈവ വൈവിദ്ധ്യത്തിന്റെയും മത്സ്യ വൈവിദ്ധ്യത്തിന്റെയും വിവരങ്ങൾ ശേഖരിക്കുകയും കോൾ നിലങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ അതാത് സമയത്ത് നടത്തുകയും ചെയ്തിരുന്നു. തുടർന്നു ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം ആ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുവാൻ സാധിച്ചില്ല. എന്നാൽ സർവ്വകലാശാലയുടെ പദ്ധതിയുടെ ഭാഗമായി ഈ കേന്ദ്രം തുടർന്നു പ്രവർത്തിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ